**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2366** **21-01-2021 - ൽ മറുപടിയ്ക്ക്**

**വിവാഹമോചനം നേടിയവർക്കുള്ള വിധവാപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | 11.02.2019 തീയതിയിൽ 97/2019 ധന. നമ്പരായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമപരമായി വിവാഹമോചനം നേടിയവരെ വിധവകളായി കണക്കാനാവില്ലെന്നും അവർക്ക് വിധവാപെൻഷന് അർഹതയുണ്ടാവില്ലെന്നുമുള്ള വ്യവസ്ഥ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ലായെന്നും അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ലായെന്നും വ്യവസ്ഥചെയ്ത് 11/12/2019-ലാണ് 97/2019/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചത്. |
| (ബി) | ഇത്തരം ഒരു നിബന്ധന ഉൾപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കാമോ; | (ബി) | ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കു മാത്രമേ വിധവ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുള്ളൂ. അർഹരായവർക്കുമാത്രം വിധവാ പെൻഷൻ അനുവദിയ്ക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ 25/04/2019-ൽ നം. 35/2019/ധന. സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ വിധവാ പെൻഷൻ കൈപ്പറ്റിവരുന്ന ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അർഹരായവർക്കുമാത്രം വിധവാ പെൻഷൻ ലഭിയ്ക്കുന്നതിനായി പുറപ്പെടുവിച്ചിരുന്ന നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ കൈപ്പറ്റിയിരുന്നവർക്കും ബാധകമാണെന്ന് വ്യക്തമാക്കി 11/12/2019-ലെ നം. 97/2019/ധന. സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നിരുന്നാലും, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കൂടി, മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ അനുവദിച്ചുകൊണ്ട് 31/03/2020-ൽ നം. 17/2020/ധന. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിയമപരമായി വിവാഹമോചനം നേടുകയും പുനർവിവാഹം കഴിക്കാതിരിക്കുകയും ചെയ്ത് | (സി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | പ്രയാസകരമായ സാഹചര്യത്തിൽ ജീവിക്കുന്നവർക്ക് പെൻഷൻ ലഭിക്കുന്നതിന് തടസ്സമാവുന്ന പ്രസ്തുത നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ